# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**നവംബർ**

**NOVEMBER 30 2016**



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com

Facebook Page: Sabarimalamediacentreiprdgok

---

**ദ്രവ മാലിന്യ പ്ലാന്റിന്റെ പ്രവർത്തനം നിർത്തിവയ്ക്കാൻ ഉത്തരവിട്ടിട്ടില്ല: വാർത്ത അടിസ്ഥാനരഹിതം**

ശബരിമല: സന്നിധാനത്ത് പ്രവർത്തിക്കുന്ന ദ്രവ മാലിന്യപ്ലാന്റിന്റെ പ്രവർത്തനം നിർത്തിവയ്ക്കുവാൻ ഉത്തരവിട്ടു എന്ന് ചില പത്രങ്ങളിൽ വന്ന വാർത്ത തീർത്തും അടിസ്ഥാന രഹിതമെന്ന് മലിനീകരണ നിയന്ത്രണ ബോർഡ്. ഓസോൺ ട്രീറ്റ്മെന്റ് ചെയ്തെടുക്കുന്ന വെള്ളത്തിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം കണ്ടെത്തിയിരുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതുവരെ ഓസോൺ ട്രീറ്റ്മെന്റിന് പകരം സോഡിയം ഹൈപ്പോ ക്ലോറേറ്റ് ട്രീറ്റ്മെന്റ് നടത്തി ജലം ശുദ്ധീരിക്കാനാണ് നിർദേശം നൽകിയിട്ടുള്ളതെന്ന് അസിസ്റ്റന്റ് എൻവയോൺമെന്റൽ എഞ്ചിനീയർ ആർതർ സേവ്യർ അറിയിച്ചു.

സന്നിധാനത്ത് ബെയ്‌ലി ബ്രിഡ്ജിന് സമീപം പ്രവർത്തിക്കുന്ന ദ്രവ മാലിന്യ പ്ലാന്റിൽ അത്യന്താധുനിക സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. സന്നിധാനത്തെ വിവിധ സ്ഥലങ്ങളിൽ നിന്നുള്ള ദ്രവ മാലിന്യം ഇവിടെ എത്തിച്ച് മൂന്നു ഘട്ടങ്ങളിലായി സൂക്ഷ്മമായ പരിശോധന പ്രക്രിയകളിലൂടെ പമ്പയാറ്റിലേക്ക് ഒഴുക്കിവിടുകയാണ് ഇവിടെ ചെയ്യുന്നത്. ഒന്നാം ഘട്ടത്തിൽ ഓയിൽ, ഗ്രീസ്, പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ അരിച്ചു മാറ്റപ്പെടുന്നു. രണ്ടാം ഘട്ടത്തിൽ അനെയ്റോബിക്, എയ്റോബിക് പ്രക്രിയകളിലൂടെ ജൈവ മാലിന്യങ്ങളെ നീക്കം ചെയ്യുന്നു. അവസാന ഘട്ടത്തിൽ പൂർണമായും മാലിന്യവിമുക്തമാക്കിയ ജലം പമ്പയാറ്റിലേക്ക് ഒഴുക്കിവിടുന്നു.

പൂർണമായും സജ്ജീകരിച്ച ലാബിൽ ബയോകെമിക്കൽ ഓക്സിജൻ ഡിമാന്റ് (ബിഒഡി) അളക്കുവാൻ ഉപയോഗിക്കുന്ന ഇൻക്യുബേറ്റർ സ്ഥാപിച്ചിട്ടുണ്ട്. കെമിക്കൽ ഓക്സിജൻ ഡിമാന്റ് (സിഒഡി) മെഷീനും ഇവിടെയുണ്ട്.

ഒരു ലാബ് കെമിസ്റ്റ്, മൂന്ന് ഓപ്പറേറ്റർമാർ, ഒരു മെയിന്റനൻസ് എഞ്ചിനീയർ, രണ്ട് ടെക്നിക്കൽ വിദഗ്ധർ എന്നിവരുടെ നേതൃത്വത്തിൽ ഒട്ടനവധി തൊഴിലാളികളും പ്ലാന്റിൽ ജോലി ചെയ്യുന്നു.

പ്രവർത്തനം ആരംഭിച്ച് രണ്ടുവർഷമായ പ്ലാന്റ് അഞ്ചു വർഷം പൂർത്തായി കുമ്പോൾ ദേവസ്വംബോർഡിന് കൈമാറുന്നതാണ്. വാസ്കോ എൻവയോൺമെന്റൽ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡാണ് ബിഒാടി അടിസ്ഥാനത്തിൽ പ്ലാന്റിന്റെ പ്രവർത്തനം നി യന്ത്രിക്കുന്നത്.

## ശബരിമല ലോക ആദ്ധ്യാത്മിക സർവ്വകലാശാല: ബാബു ഗുരുസ്വാമി

ശബരിമല: ശബരിമല ലോക ആദ്ധ്യാത്മിക സർവകലാശാലയാണെന്നകാര്യ ത്തിൽ ബാബു ഗുരുസ്വാമിക്ക് അശേഷം സംശയമില്ല. 'ജാതിമതഭേദമന്യേ, ഭക്തന്റെ ഭ ക്തിക്കും അർപ്പണബോധത്തിനും പരമ പ്രാധാന്യം കൊടുക്കുന്ന ഒരു ആദ്ധ്യാത്മിക കേന്ദ്രം ലോകത്തുണ്ടെങ്കിൽ അത് ശബരിമല മാത്രമേയുള്ളൂ'. 26 വർഷം തുടർച്ചയായി മണ്ഡലവ്രതം നോറ്റ് അയ്യനെകാണാനെത്തുന്ന ബാബു സ്വാമിയുടെ വാക്കുകളിൽ ഭ ക്തി നിറഞ്ഞു തുളുമ്പുന്നു.

ഇത്തവണ ബാബു സ്വാമിയുടെ തീർത്ഥാടക സംഘത്തിൽ 150 പേരുണ്ട്. രമേശ് ഗുരുസ്വാമിയും ബാബുസ്വാമിയോടൊപ്പം 26 വർഷമായി മലചവിട്ടുന്നു. കായംകു ള ശ്രീ ധർമ്മശാസ്താക്ഷേത്ര തീർത്ഥാടക പദയാത്രാസംഘത്തെ നയിക്കുന്നവരാണ് ഇ രുവരും. ഏഴ് വയസ്സുള്ള മാളികപ്പുറങ്ങൾ മുതൽ 72 വയസ്സുള്ള അയ്യപ്പന്മാർവരെ സംഘ ത്തിലുണ്ട്. കഠിനവ്രതം അനുഷ്ഠിക്കുന്നവരാണ് സംഘത്തിലെല്ലാവരും. കന്നിമാസം 25-ാം തീയതി വ്രതം ആരംഭിക്കുന്നു. തുലാം ഒന്നിന് ഓച്ചിറ പരബ്രഹ്മക്ഷേത്രത്തിലെ ര ണ്ടാമത്തെ ആൽത്തറയിൽവച്ച് എല്ലാവരും ഒരുമിച്ച് മാലയിടും. മാലയിട്ട് കഴിഞ്ഞാൽ സംഘത്തിൽ പുതുതായി ആരെയും ചേർക്കില്ല. ധരിക്കുന്ന മാല മാതൃസങ്കൽപ്പത്തിൽ ഗുരുവായൂരിൽപോയാണ് വാങ്ങുന്നത്.

ബാബു സ്വാമിക്ക് 18 പടി കളും ആത്മീയ ഉന്നതിയിലേക്കുള്ള ഓരോ പട വുകളാണ്. തത്വമസി എന്ന ആത്മസാക്ഷാത്കാരത്തിലേക്കുള്ള 18 പടവുകൾ. മലചവി ട്ടുന്നതിന് മുമ്പ് ബാബുസ്വാമി ആത്മീയ ഗ്രന്ഥങ്ങൾ വായിക്കുകയോ മനനം ചെയ്യു കയോ ഉണ്ടായിട്ടില്ല. അയ്യനെ ദർശിച്ചശേഷം പടിപടിയായി ബാബുസ്വാമി നിരവധി ആത്മീയ ഗ്രന്ഥങ്ങൾ രചിച്ചു. വേദങ്ങൾ ഹൃദിസ്ഥമാക്കി. 'അയ്യനല്ലാതെ മറ്റൊരു ആ ത്മീയഗുരു എനിക്കില്ല', അതെ ബാബുസ്വാമി ആത്മസാക്ഷാത്കാരത്തിന്റെ ആനന്ദ ത്തിൽ ആറാടുകയാണ്.

## ശബരിമലയിൽ വികസനപ്രവർത്തനങ്ങൾ വനംമന്ത്രി ഉദ്ഘാടനം ചെയ്തു

ശബരിമല: വനംവകുപ്പ് ഭക്തജനങ്ങൾക്കായി ഒരുക്കിയ വർദ്ധിപ്പിച്ച സൗകര്യങ്ങ ളുടെ ഉദ്ഘാടനം വനംവകുപ്പ് മന്ത്രി അഡ്വ. കെ രാജു പമ്പയിൽ നിർവഹിച്ചു. വനംവ കുപ്പും റാന്നി എംഎൽഎ രാജു എബ്രഹാമിന്റെ പ്രാദേശിക വികസന ഫണ്ടും ഉപയോ ഗിച്ചാണ് സൗകര്യങ്ങൾ ഒരുക്കിയത്.

പമ്പയിൽ പോലിസ് സെക്യൂരിറ്റി സ്കാനിംഗ് സെന്റർ, നീലിമലയിൽ മാ തൃകാ ഇക്കോ ഷോപ്പ്, സ്വാമി അയ്യപ്പൻ റോഡ് 13-ാം വളവിൽ മാതൃകാ എമർജൻസി മെഡിക്കൽ സെന്റർ, ചരൽമേട്ടിൽ ആന്റി പോച്ചിംഗ് ക്യാമ്പ് കം മെഡിക്കൽ സെന്റർ എ ന്നിവയുടെ ഉദ്ഘാടനമാണ് നിർവഹിക്കപ്പെട്ടത്.

ഭക്തജനങ്ങളുടെ ക്ഷേമം ഉറപ്പാക്കുക എന്നതാണ് ശബരിമലയിൽ വനംവ കുപ്പിന്റെ പ്രാഥമിക കടമയെന്ന് ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് മന്ത്രി പറഞ്ഞു. തീർ ത്ഥാടകർക്ക് സുരക്ഷയും മെച്ചപ്പെട്ട സൗകര്യവും ലഭ്യമാക്കുക എന്ന സർക്കാരിന്റെ ന യത്തിന് അനുസൃതമായാണ് വനംവകുപ്പും പ്രവർത്തിച്ചുവരുന്നതെന്നും മന്ത്രി പ റഞ്ഞു.

റാന്നി എംഎൽഎ രാജു ഏബ്രഹാം ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ബീനാ സജി, വാർഡ് മെമ്പർ രാജൻ വെട്ടിക്കൽ, പെരിയാർ ടൈഗർ റിസർവ് ഫീൽഡ് ഡയറക്ടർ ഡോ. അമിത് മല്ലിക്, റാന്നി ഡിഎഫ്ഒ കൊച്ചുകാ ഞ്ഞിരം എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

## 3927 പേർ ഹോമിയോ ചികിത്സതേടി

ശബരിമല: സന്നിധാനം സർക്കാർ ഹോമിയോ ആശുപത്രിയിൽ സീസൺ തുടങ്ങി നവംബർ 29 വരെ 3927 ഭക്തന്മാർ ചികിത്സതേടി. അലർജി, ശ്വാസകോശസംബന്ധ രോഗങ്ങൾ, പേശീവലിവ്, ഉദരരോഗങ്ങൾ എന്നിവയ്ക്കാണ് കൂടുതൽ ഭക്തജനങ്ങളും ചികിത്സതേടിയത്. ഇവരിൽ 3112 പുരുഷന്മാരും 205 സ്ത്രീകളും 235 കുട്ടികളും ഉൾപ്പെടുന്നു. കൂടാതെ 375 പേർ തുടർ ചികിത്സയ്ക്കായും എത്തിയതായി ചീഫ് മെഡിക്കൽ ഓഫീസർ ഡോ. പി.ആർ രാധാകൃഷ്ണൻ അറിയിച്ചു.

## ഇന്നലെ ആയൂർവേദ ചികിത്സ തേടയത് 832 പേർ

ശബരിമല: ഇന്നലെ (നവംബർ-29) സന്നിധാനത്തെ സർക്കാർ ആയൂർവേദ ആശുപത്രിയിൽ ചികിത്സയ്ക്കെത്തിയത് 832 ഭക്തജനങ്ങൾ. ഇതിൽ 797 പുരുഷന്മാരും 20 സ്ത്രീകളും 15 കുട്ടികളും ഉൾപ്പെടുന്നു.



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**നവംബർ**

**NOVEMBER 30 2016**

## ശബരിമല പത്രക്കുറിപ്പ്-2



ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com

Facebook Page: Sabarimalamediacentreiprdgok


### തീർത്ഥാടകർക്ക് സൗകര്യമൊരുക്കി പെരുനാട് ഗ്രാമപഞ്ചായത്തും

ശബരിമല: ശബരിമലയുൾപ്പെടുന്ന ഗ്രാമപഞ്ചായത്തായ പെരുനാട് ഗ്രാമപഞ്ചായത്ത് തീർത്ഥാടകർക്കായി പരമാവധി സൗകര്യങ്ങളാണൊരുക്കിയിരിക്കുന്നത്. സീസണോടനുബന്ധിച്ച് ഇടത്താവളങ്ങളുടെ ക്രമീകരണം, ശുദ്ധജലം, തെരുവു വിളക്കുകൾ, വിരി വയ്ക്കാനുള്ള സൗകര്യം എന്നിവ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്. സീസൺ തുടങ്ങുന്നതിന് മുമ്പുതന്നെ ഗ്രാമപഞ്ചായത്ത് എല്ലാ തലങ്ങളിലുമുള്ള ഉദ്യോഗസ്ഥൻമാരുടെ യോഗം വിളിച്ചു ചേർക്കുകയും മുന്നൊരുക്കങ്ങൾ വിലയിരുത്തുകയും ചെയ്തു. പമ്പാ നദിയിലെ അപകട മേഖലയിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചു. പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധപ്രവർത്തകരെ രാവിലെ മുതൽതന്നെ ശുചീകരണങ്ങളിൽ നിയോഗിച്ച് എല്ലാ തെരുവുകളും ജാഗ്രതയോടെ ശുചിത്വം ഉറപ്പാക്കുകയും ചെയ്യുന്നുണ്ടെന്ന് പെരുനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബീനാ സജി പറഞ്ഞു.

### പ്രസാദ വിതരണത്തിന് മൂന്ന് കൗണ്ടറുകൾകൂടി

ശബരിമല: അപ്പം, അരവണ പ്രസാദ വിതരണത്തിനായി സന്നിധാനത്ത് മൂന്ന് കൗണ്ടറുകൾ കൂടി തുറന്നു. മാളികപ്പുറം നടപ്പന്തലിന് സമീപമാണ് പുതിയ കൗണ്ടറുകൾ. ഇവയിൽ ഒന്നിൽ ക്രെഡിറ്റ്/ ഡെബിറ്റ് കാർഡ് ഉപയോഗിച്ചും മറ്റ് രണ്ടെണ്ണത്തിൽ പണമുപയോഗിച്ചും പ്രസാദം വാങ്ങാം. സ്വൈപ്പിംഗ് മെഷീൻ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത് ധനലക്ഷ്മി ബാങ്കാണ്.

സന്നിധാനത്ത് ഇതോടുകൂടി പ്രസാദ വിതരണ കൗണ്ടറുകളുടെ എണ്ണം ഇരുപതായി. സന്നിധാനം ആഴിക്കടുത്ത് 12 കൗണ്ടറുകൾ, തിരുമുറ്റത്ത് അക്കൊമഡേഷൻ ഓ

ഫീസിന് സമീപം രണ്ട്, മാളികപ്പുറം ക്ഷേത്രത്തിന് സമീപം മൂന്ന് എന്നിവയ്ക്കു പുറമെയാണ് പുതിയ കൗണ്ടറുകൾ ആരംഭിച്ചിരിക്കുന്നത്. എല്ലാ കൗണ്ടറുകളിലും ധനലക്ഷ്മി ബാങ്ക് ജീവനക്കാരാണ് സേവനമനുഷ്ഠിക്കുന്നത്.

**അയ്യപ്പ ഭക്തർക്ക് സുഗമമായ ദർശനസൗകര്യമൊരുക്കി പോലീസ്**

ശബരിമല: തിരക്കുണ്ടാകാത്തവിധം പരമാവധി സ്ഥലസൗകര്യമൊരുക്കി അയ്യപ്പന്മാർക്ക് സുഗമമായ ദർശനവും അതോടൊപ്പം ശബരിമലയുടെയും സന്നിധാനത്തിന്റെയും സുരക്ഷയുമാണ് പോലീസിന്റെ പ്രഥമ ലക്ഷ്യമെന്ന് രണ്ടാംഘട്ട സ്പെഷ്യൽ ഓഫീസറായി ചുമതലയേറ്റ എറണാകുളം ക്രൈംബ്രാഞ്ച് എസ്.പി ടികെ മധു പറഞ്ഞു. സിആർപിഎഫ്, ദുരന്തനിവാരണ സേന, ഇന്റലിജൻസ് വിഭാഗം, ടെലികമ്യൂണിക്കേഷൻ വിഭാഗം, മഫ്തി, ഷാഡോ പോലീസ്, പത്തനംതിട്ട എസ്പിയുടെ നേതൃത്വത്തിലുള്ള സേനാംഗങ്ങൾ എന്നിവർ സദാ ജാഗരൂകരായി സന്നിധാനത്തുണ്ട്. മറ്റു ഭീഷണിയൊന്നും നിലവിലില്ലെങ്കിലും ഏതു സാഹചര്യം നേരിടാൻ സുസജ്ജമാണ് പോലീസ് സേന.

മുപ്പത്തഞ്ചോളം സിസിടിവികൾ സന്നിധാനത്തും പരിസരത്തുമായി സ്ഥാപിച്ച് സദാ നിരീക്ഷിച്ചുവരുന്നു. ആകാശ നിരീക്ഷണം ഉൾപ്പെടെയുള്ള സംവിധാനങ്ങൾ വരും ദിവസങ്ങളിൽ സജ്ജമാക്കും.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.